സി.എം റഫീഖ് കോക്കൂർ

# ദേഷ്യം നിയന്ത്രിക്കുന്നവന്റെ മഹത്വം

عَنْ سَهْلِ بْنِ مُعَاذٍ عَنْ أَبِيهِ أَنَّ رَسُولَ اللَّهِ صلّى الله عليه وسلّم قَالَ: مَنْ كَظَمَ غَيْظًا وَهُوَ قَادِرٌ عَلَى أَنْ يُنَفِّذَهُ دَعَاهُ اللَّهُ عَزَّ وَجَلَّ عَلَى رُءُوسِ الْخَلَائِقِ يَوْمَ الْقِيَامَةِ حَتَّى يُخَيِّرَهُ اللَّهُ مِنَ الْحُورِ الْعِينِ مَا شَاءَ (ابو داود).

സഹ്‌ലുബ്നു മുആദി(റ)ൽനിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: ''താൻ ഉദ്ദേശിച്ചത് ചെയ്യാൻ കെൽപ്പുള്ളവനായിരിക്കെ ആരെങ്കിലും കോപത്തെ അടക്കിനിർത്തിയാൽ അന്ത്യവിചാരണാ നാളിൽ അല്ലാഹു അവനെയായിരിക്കും ആദ്യം വിളിക്കുക. എന്നിട്ട് തനിക്കിഷ്ടപ്പെട്ട സ്വർഗീയ ഇണയെ വരിച്ചുകൊള്ളാൻ

അബൂദാവൂദും ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയും 'ഹസൻ' ആണെന്ന് വിശേഷിപ്പിച്ച നബിവചനമാണിത്. മനുഷ്യവികാരങ്ങളിൽ പ്രധാനപ്പെട്ടതാണ് കോപം. ആവശ്യമായിടത്ത് ആവശ്യമായ അളവിൽ നിയന്ത്രിച്ച് ഉപയോഗിക്കുകയാണെങ്കിൽ അപകടം വരുത്തിവെക്കുകയില്ലെന്നു മാത്രമല്ല, ഗുണകരമാവുകയും ചെയ്യും. നിയന്ത്രണം നഷ്ടപ്പെട്ടാൽ വലിയ അനർഥങ്ങൾക്ക് കാരണമായിത്തീരുന്ന വികാരം കൂടിയാണ് കോപം. പരസ്പരം സഹനവും സഹിഷ്ണുതയും ഉപദേശിച്ചും പരിശീലിച്ചും ആത്മനിയന്ത്രണം പാലിക്കുകയാണ് വേണ്ടത്. കോപത്തിനടിപ്പെടുന്ന മനുഷ്യൻ ഒരർഥത്തിൽ പൈശാചികതക്കടിപ്പെടുകയാണ്. അതിനാൽ, കോപം വരുമ്പോൾ വുദൂ ചെയ്യണമെന്നും പിശാചിൽനിന്ന് അല്ലാഹുവിൽ അഭയം തേടിക്കൊണ്ടിരിക്കണമെന്നും നടക്കുകയാണെങ്കിൽ നിൽക്കണമെന്നും ഇരിക്കുകയാണെങ്കിൽ കിടക്കണമെന്നും പ്രവാചകൻ പഠിപ്പിക്കുന്നു. പ്രകോപനങ്ങൾ സൃഷ്ടിച്ചുകൊണ്ട്, അതിൽനിന്ന് മുതലെടുപ്പു നടത്താൻ ദുഷ്ടശക്തികൾ ശ്രമിക്കുന്ന സന്ദർഭങ്ങളിലൊക്കെ ആത്മനിയന്ത്രണശേഷി കൈവിടാതിരിക്കുക എന്നത് ഏറ്റവും ഉയർന്ന മൂല്യമാണ്. പരിധിവിട്ട കോപം മനുഷ്യനെ സ്വാധീനിക്കുന്നതോടെ, അവന് വിവേചന ശേഷി നഷ്ടപ്പെടുകയും ന്യായാന്യായങ്ങൾ നോക്കാതെ പലവിധത്തിലുള്ള തെറ്റുകുറ്റങ്ങളിൽ ചെന്നുപെടുകയും ചെയ്യും.

കൊല, കൊള്ള, അക്രമം തുടങ്ങി സമൂഹത്തിൽ നടമാടുന്ന പലവിധ തെറ്റുകുറ്റങ്ങളും കോപത്തിനടിപ്പെട്ട് ആത്മനിയന്ത്രണശേഷി നഷ്ടപ്പെട്ട ആളുകൾ ചെയ്തുകൂട്ടുന്നതാണ്. വീണ്ടുവിചാരമുണ്ടായാൽ പോലും പരിഹരിക്കാനാകാത്ത അനർഥങ്ങൾക്ക് അത് കാരണമായിത്തീർന്നിട്ടുണ്ടാവും. എത്രയോ ഉദാഹരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

വിശ്വാസികളുടെ സവിശേഷഗുണങ്ങൾ എണ്ണിപ്പറയുന്നേടത്ത് 'കോപത്തെ കടിച്ചിറക്കുന്നവർ' എന്ന് ഖുർആൻ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. ഈ ഹദീസിലും അതേ വാക്കുതന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. ചിലർ കോപിക്കുമെങ്കിലും ഭയം കാരണം അനർഥമൊന്നും കാണിക്കില്ല. അല്ലെങ്കിൽ അതിക്രമങ്ങൾ ചെയ്യാനുള്ള ശാരീരികവും കുടുംബപരവുമായ ശേഷി അയാൾക്കുണ്ടാവില്ല. ഇവിടെ, അതിക്രമങ്ങൾ കാണിക്കാൻ ശേഷിയുണ്ടാവുകയും എന്നിട്ട് കോപത്തെ കടിച്ചിറക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ് പറയുന്നത്. അപ്പോഴാണല്ലോ ആ സ്വഭാവഗുണത്തിന് മാറ്റുകൂടുക.

മാത്രമല്ല, പരലോകത്ത് വിചാരണാസഭയിൽ മറ്റെല്ലാ സൃഷ്ടിജാലങ്ങളുടെയും മുമ്പിൽവെച്ച് അല്ലാഹു ആദ്യമായി വിളിച്ചാദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ കോപത്തെ നിയന്ത്രിക്കുന്നവരുൾപ്പെടുമെന്നത് എന്തുമാത്രം വലിയ നേട്ടമാണ്! 'താനിഷ്ടപ്പെട്ട ഹൂറുൽഈനെ വരിക്കാൻ അനുവാദം നൽകും' എന്നത് അവന് സ്വർഗപ്രവേശം ഉറപ്പാണ് എന്നതിന്റെ ആലങ്കാരിക പ്രയോഗമായും മനസ്സിലാക്കാം. റസൂൽ (സ) പറഞ്ഞു: 'സ്വർഗത്തിൽ ഉന്നത പദവിയും ഉത്തുംഗ സൗധങ്ങളും നിങ്ങൾക്ക് ലഭ്യമാക്കുന്ന സ്വഭാവ ഗുണങ്ങളെപ്പറ്റി ഞാൻ നിങ്ങളോട് പറയട്ടെ.' കൂടിനിൽക്കുന്നവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, പറഞ്ഞുതന്നാലും.' അവിടുന്ന് അരുളി: 'അക്ഷരജ്ഞാനമില്ലാത്ത ഒരാൾ നിങ്ങളോട് പരുക്കൻമട്ടിൽ ഇടപെടുമ്പോൾ നിങ്ങളയാളെ സഹിക്കുക. പീഡിപ്പിക്കുന്നവരോട് പൊറുക്കുക. നിങ്ങളെ ഉപദ്രവിച്ചവന്നും ഉപകാരം ചെയ്യുക. നിങ്ങളുമായുള്ള ബന്ധം മുറിച്ചവനോട് കൂടിച്ചേരാൻ ശ്രമിക്കുക.' (ത്വബറാനി).

യഥാർഥ ശക്തന്റെ അടയാളം ആത്മനിയന്ത്രണശേഷിയാണെന്നാണ് റസൂൽ (സ) പഠിപ്പിച്ചത്. ഗുസ്തിയിൽ പ്രതിയോഗിയെ പരാജയപ്പെടുത്തുന്നവനല്ല, കോപം വരുമ്പോൾ അതിനെ കടിച്ചിറക്കുന്നവനാണ് ശക്തനെന്ന് പ്രവാചകൻ (സ) വിശദീകരിച്ചു. ●